LIBRARY ARCHIVES Kerala Legislative Assembly

3. ആശുപത്രി കിടക്കകളുടെ എണ്ണവും രോഗികളുടെ എണ്ണവും പരിശോധിക്കണം എന്ന് നിർദ്ദേശിച്ചിരുന്നു. അത് സസൂക്ഷ്മം വിലയിരുത്തുകയും ഓക്സിജൻ കിടക്കകളുടെയും ഐ.സി.യു. കിടക്കകളുടെയും എണ്ണവും മോണിട്ടർ ചെയ്യുകയും ചെയ്തുവരുന്നു. മാത്രമല്ല ആശുപത്രി കിടക്കകളുടെ ഒക്യുപൻസി സംബന്ധിച്ച വിവരങ്ങൾ ആരോഗ്യവകുപ്പിന്റെ ബുള്ളറ്റിനിൽ പബ്ലിഷ് ചെയ്തുവരുന്നു.

4. ഡെത്ത് സർട്ടിഫിക്കേഷൻ നടത്തുന്നത് ഐ.സി.എം.ആർ/കേന്ദ്ര ആരോഗ്യ മന്ത്രാലയ മാർഗ്ഗനിർദ്ദേശപ്രകാരമാണ്. ആദ്യം മുതൽത്തന്നെ ഇതേ രീതിയാണ് തുടർന്നുപോരുന്നത്.

5. വീടുകളിലെ നിരീക്ഷണം ശക്തിപ്പെടുത്താൻ നിർദേശം നൽകി.

6. വാക്സിനേഷൻ കൂടുതൽ ശക്തിപ്പെടുത്താൻ നിർദേശം നൽകി

7. കൂടുതൽ ആളുകളുടെ ഒത്തുചേരലുകൾ ഒഴിവാക്കാൻവേണ്ട നടപടികൾ സ്വീകരിച്ചു.

8. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ട ബോധവൽക്കരണങ്ങൾ ഊർജ്ജിതപ്പെടുത്താൻവേണ്ട നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകി.

**കോവിഡാനന്തര രോഗങ്ങൾ**

221 (221) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 രോഗം ഭേദമായവർക്ക് കോവിഡാനന്തര രോഗങ്ങൾ ബാധിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കോവിഡ്-19 രോഗം ഭേദമായവർക്ക് കോവിഡാനന്തര രോഗങ്ങൾ ബാധിക്കുന്നത് സംബന്ധിച്ച് തൃശ്ശൂർ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം ഒരു പഠനം നടത്തിയിട്ടുണ്ട്. കോവിഡ് ബാധിച്ച് 25 ദിവസം കഴിഞ്ഞിട്ടും മൂന്നിൽ രണ്ടുപേർക്കും പലവിധ കോവിഡ് സംബന്ധിച്ച ബുദ്ധിമുട്ടുകൾ നിലനിന്നിരുന്നു എന്നാണ് ഈ പഠനത്തിൽ വ്യക്തമായത്. തിരുവനന്തപുരം, കോട്ടയം, കൊല്ലം മെഡിക്കൽ കോളേജുകളിൽ ഇത് സംബന്ധിച്ച് പഠനം നടന്നുവരുന്നു. ആലപ്പുഴ, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ പഠനം ആരംഭിക്കുന്നു. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പോസ്റ്റ്

കോവിഡ് സിൻഡ്രോമിന് ചികിത്സ തേടുന്ന രോഗികളുടെ പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും പഠിക്കുന്നതിനായി രണ്ട് ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കോവിഡാനന്തര രോഗങ്ങൾ ബാധിച്ചവർക്ക് ചികിത്സ നൽകുന്നതിൽ പ്രത്യേക സൗകര്യങ്ങൾ എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് കോവിഡ് രോഗം വന്ന് രോഗമുക്തി നേടിയവരിൽ വിവിധതരം ആരോഗ്യ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ച് വിദഗ്ധ ചികിത്സ ലഭ്യമാക്കിവരുന്നു. കോവിഡ് മുക്തരായ എല്ലാ രോഗികൾക്കും പോസ്റ്റ് കോവിഡ് ക്ലിനിക്കിന്റെ പ്രയോജനം ലഭിക്കുന്നതാണ്. നിസ്സാരമായ ക്ഷീണവും കിതപ്പും മുതൽ ഗുരുതരമായ ഹൃദ്രോഗങ്ങൾവരെ പോസ്റ്റ് കോവിഡ് സിൻഡ്രോമിൽ ഉൾപ്പെടുന്നു. ഈ രോഗങ്ങളെ മുൻകൂട്ടി കണ്ടെത്തുന്നതിനും അവയ്ക്ക് ഫലപ്രദമായ ചികിത്സ നൽകുന്നതിനും തുടർ ചികിത്സ നൽകുന്നതിനുമാണ് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സ്ഥാപിച്ചിരിക്കുന്നത്. നിസ്സാര ലക്ഷണമുള്ളവരെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സിക്കുകയും തുടർ ചികിത്സ ആവശ്യമുള്ളവരെയും ഗുരുതര രോഗലക്ഷണങ്ങളുള്ളവരെയും താലൂക്കാശുപത്രികളിലും ജില്ലാ ആശുപത്രികളിലും പ്രവർത്തിക്കുന്ന സ്പെഷ്യാലിറ്റി ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. കൂടാതെ, മെഡിക്കൽ കോളേജുകളിലെ എല്ലാ വിഭാഗങ്ങളിലും പ്രത്യേകിച്ച് മെഡിസിൻ, കാർഡിയോളജി, റെസ്പിറേറ്ററി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ എല്ലാ സൗകര്യങ്ങളും ഇതിനായി ഉപയോഗപ്പെടുത്തിവരുന്നു.

**കോവിഡ്- നഷ്ടപരിഹാരം**

222 (222) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാര തുക നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ "Guidelines for Ex-Gratia assistance to next of kin of the deceased by Covid-19" മാനദണ്ഡമനുസരിച്ച് കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന്

LIBRARY ARCHIVES Kerala Legislative Assembly